# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1453 31.11.2019-ൽ മറുപടിക്ക്

## സംരക്ഷിത സ്മാരകമാക്കാൻ ജില്ലാകളക്ടറുടെ വിജ്ഞാപനം

**ചോദ്യം**

ശ്രീ.അൻവർ സാദത്ത്

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു. തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ആലുവ മണ്ഡലത്തിൽ കാഞ്ഞൂർ പഞ്ചായത്തിലെ വെള്ളാരപ്പിള്ളി തെക്കേ കോവിലകം സംരക്ഷിത സ്മാരകമാക്കി വിജ്ഞാപനം പുറപ്പെടുവിക്കുവാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ; | (എ) | ആലുവ മണ്ഡലത്തിൽ കാഞ്ഞൂർ പഞ്ചായത്തിലെ വെള്ളാരപ്പിള്ളി തെക്കേ കോവിലകം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നതിനുള്ള പ്രാഥമിക വിജ്ഞാപനക്കരട് സർക്കാർ പരിശോധിക്കുകയും തുടർന്ന് സ്മാരകത്തിന്റെ പേര്, വിസ്തീർണ്ണം, അതിരുകൾ എന്നിവ സംബന്ധിച്ച് വ്യക്തത വരുത്തുന്നതിന് പുരാവസ്തുവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധമായ റവന്യൂ വിശദാംശങ്ങൾ പുരാവസ്തുവകുപ്പ് ഡയറക്ടർ എറണാകുളം ജില്ലാകളക്ടറിൽ നിന്നും ആവശ്യപ്പെട്ടിരിക്കുകയാണ്. |
| (ബി) | വിജ്ഞാപനം പുറപ്പെടുവിക്കുവാനായി എറണാകുളം കളക്ടർ സ്വീകരിക്കേണ്ട നടപടികളിൽ വന്നിട്ടുള്ള കാലതാമസം പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ബി) | ജില്ലാകളക്ടറിൽനിന്നും വിശദവിവരങ്ങൾ ലഭ്യമാകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണ് |

**സെക്ഷൻ ഓഫീസർ**